നവംബർ
2025

# M E S BYTES

MES HIGHER SECONDRY SCHOOL IRIMBILIYAM PIN 679572

Little KITEs e News Paper

EMAIL : meshsibm@gmail.com | https://meskerala.com

## കുറ്റിപ്പുറം ഉപജില്ല സ്കൂൾ കലോത്സവം:

### എം ഇ എസ് എച്ച് എസ് എസ് ഓവറോൾ ജേതാക്കൾ.



കല്ലിങ്ങൽപറമ്പ് എം എസ് എം എച്ച് എസ് സ്കൂളിൽ വെച്ച് നടന്ന കുറ്റിപ്പുറം ഉപജില്ല സ്കൂൾ കലോത്സവത്തിൽ ഇരിമ്പിളിയം എം ഇ എസ് എച്ച് എസ് എസ് ജേതാക്കളായി.246 പോയിന്റ് നേടി ഹൈസ്കൂൾതലത്തിൽ ഒന്നാം സ്ഥാനവും, 254 പോയിന്റോടെ എച്ച് എസ് എസ് വിഭാഗത്തിൽ രണ്ടാം സ്ഥാനവും നേടിയാണ് സ്ഥാപനം ഓവറോൾ ജേതാക്കളായത്.ഉറുദു,സംസ്കൃത മേളകളിൽ ജേതാക്കളാവാനും, അറബിക്കലോത്സവത്തിൽ രണ്ടാം സ്ഥാനം നേടാനും സാധിച്ചു. കലോത്സവത്തിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ മാനേജ്മെന്റ് കമ്മിറ്റി സെക്രട്ടറി ടി.മുസ്തഫ കമാൽ, എസ്.എം.സി ട്രഷറർ പി ഹബീബ് റഹ്മാൻ, പിടിഎ പ്രസിഡണ്ട് സമീഹ അലി, പ്രിൻസിപ്പൽ കെ കെ നജ്മുദ്ദീൻ,ഹെഡ്മാസ്റ്റർ കെ അഷ്റഫ് അലി, കൺവീനർമാരായ ഷിബുലാൽ, അൻഷാദ്,അബ്ദുള്ള, ആബിദ തുടങ്ങിയവർ അഭിനന്ദിച്ചു.കലോത്സവത്തിൽ മികച്ച പിന്തുണ നൽകിയ മാനേജ്മെന്റ്, പിടിഎ, രക്ഷിതാക്കൾ, ജീവനക്കാർ, പരിശീലകർ എന്നിവർക്ക് സ്ഥാപനം നന്ദി പ്രകാശിപ്പിച്ചു.

## ഒൻപതാംക്ലാസ് വിദ്യാർഥിനി അമേലിയ മെഹ്റിന്റെ പുസ്തകം പുറത്തിറക്കി



ശിശുദിനാഘോഷ ഭാഗമായി ഇരിമ്പിളിയം എം ഇഎസ് ഹൈസ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർഥിനി അമേലിയ മെഹ്റിൻ എഴുതിയ 'ദി ഏറ്റെർ ണൽ നൈറ്റ്സ് ' പുറത്തിറക്കി. വളാഞ്ചേരി സ്റ്റേഷൻ എസ് ഐ കെ.എസ് സന്തോഷ്. പിടിഎ പ്ര സിഡന്റ് സമീഹ അലിക്ക് ആദ്യപ്ര തി നൽകിയാണ് പുറത്തിറക്കിയത്.സ്കൂൾ മാനേജ്മെന്റ് ജോ. സെക്രട്ടറി എൻ നൗഷാദ് ഉദ്ഘാടനംചെയ്തു .പ്രിൻസിപ്പൽ കെ കെ നജ്മുദ്ധീൻ അധ്യക്ഷനായി.വളാഞ്ചേരി ഐഎംഎ പ്രസിഡന്റ് ഡോ. എൻ. അബ്ദുറഹ്മാൻ മുഖ്യപ്രഭാഷണം നടത്തി. പ്രധ മാധ്യാപകൻ അഷറഫലി കാളി യത്ത്, അധ്യാപകൻ ഷാഹിൻ എസ്.എംസി ട്രഷറർ ഹബീബ് റഹ്മാൻ എംപിടിഎ പ്രസിഡന്റ്ഹഫീസത്ത് ബീവി,ഷംസുദ്ദീൻ റഫീഖ് പെരുമുക്ക്. കെ മണികണ്ഠൻ ആയിഷ അസ്‌ല, പി.ടി. ഷമീന എന്നിവർ പ്രസംഗിച്ചു.

## വിജയഭേരി വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകി

ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കൻഡറി സ്കൂളിലെ പത്താം ക്ലാസിലെ പഠനത്തിൽ പിന്നോക്കമുള്ള വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള 'വിജയഭേരി IGNITE' പ്രത്യേക പരിശീലന ശിൽപശാല സംഘടിപ്പിച്ചു.മലപ്പുറം ജില്ല വിജയഭേരി കോർഡിനേറ്റർ ടി. സലിം പരിശീലന ക്ലാസുകൾ നിർവഹിച്ചു. നവംബർ 1-ന് രാവിലെ 10 മണി മുതൽ നടന്ന പരിശീലനത്തിൽ 89 വിദ്യാർത്ഥികൾ പങ്കെടുത്തു.വിജയഭേരി ചുമതലയുള്ള അധ്യാപകരായ ഷീന ആർ. ചന്ദ്രൻ, റംസി, അൻവർ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. പരിശീലനം വിദ്യാർത്ഥികളുടെ പഠനമികവ് വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ചതാണ്.



## സരോവരം രക്ഷിതാക്കളുടെ യോഗം ചേർന്നു



ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കൻഡറി സ്കൂളിലെ പത്താം ക്ലാസിലെ സരോവരം വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ യോഗം നവംബർ 1ന് സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് ചേർന്നു. മലപ്പുറം വിജയഭേരി കോർഡിനേറ്റർ ടി. സലിം രക്ഷിതാക്കൾക്ക് മാർഗനിർദേശ ക്ലാസുകൾ നയിച്ചു. ഹെഡ്മാസ്റ്റർ അഷറഫലി രക്ഷിതാക്കളോടു സംസാരിച്ചു. സരോവരം പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങളും വിദ്യാർത്ഥികളുടെ പഠനക്ഷമത വർധിപ്പിക്കുന്നതിലെ പദ്ധതിയുടെ പങ്കും യോഗത്തിൽ വിശദീകരിച്ചു. സരോവരം ചുമതലയുള്ള അധ്യാപകരായ സുഷമ വി. കെ, ശ്രീജ കെ. എം എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. വിദ്യാർത്ഥികൾക്കായുള്ള പഠനപിന്തുണാ പരിപാടികൾ കൂടുതൽ ഫലപ്രദമാക്കുന്നതിൽ രക്ഷിതാക്കളുടെ സഹകരണത്തിന്റെ പ്രാധാന്യം യോഗത്തിൽ ഉന്നയിക്കപ്പെട്ടു.

## നാവികസേന വാരാഘോഷം: നേവൽ ബേസിൽ വിദ്യാർത്ഥികൾ

നാവികസേന വാരാഘോഷങ്ങളുടെ ഭാഗമായി ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കൻഡറി സ്കൂളിലെ സ്കൗട്ട് & ഗൈഡ്സ്, ജെ.ആർ.സി., ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിലെ 45 വിദ്യാർത്ഥികൾ നവംബർ 11 ന് കൊച്ചി ഇന്ത്യൻ നേവൽ ബേസ് സന്ദർശിച്ചു.



യുദ്ധകപ്പലുകളും യുദ്ധവിമാനങ്ങളും അടുത്തറിയുന്നതിലൂടെ വിദ്യാർത്ഥികൾക്ക് വ്യത്യസ്തവും ആവേശജനകവുമായി ഒരു പഠനാനുഭവം ലഭിച്ചു. നാവികസേനയുടെ പ്രവർത്തനരീതിയും സാങ്കേതികവിദ്യകളും കുട്ടികൾക്ക് പരിചയപ്പെടാനായ സന്ദർശനം ഏറെ ശ്രദ്ധേയമായി.

അധ്യാപകരായ ശ്രീജിത്ത് വി.പി., നവാസ്, സുരേഷ്, ഹസീന, ഹഫ്സ, ഫാത്തിമ എന്നിവർ ടീമിന് നേതൃത്വം നൽകി.

## മുത്തങ്ങ വന്യജീവി സങ്കേതത്തിൽ പരിസ്ഥിതി ക്ലബ് പഠനയാത്ര

പരിസ്ഥിതി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കൻഡറി സ്കൂളിലെ എട്ടാം ക്ലാസ് പരിസ്ഥിതി ക്ലബ് അംഗങ്ങൾ നവംബർ 20, 21 തീയതികളിൽ വയനാട് മുത്തങ്ങ വന്യജീവി സങ്കേതത്തിലേക്ക് പഠനയാത്ര നടത്തി. പ്രകൃതിയെ അടുത്തറിയാനും വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യം മനസിലാക്കാനും പരിസ്ഥിതി സംരക്ഷണ ബോധം വർധിപ്പിക്കാനുമുള്ള അവസരമായി യാത്ര മാറി.വന്യജീവികളുടെ സ്വഭാവം, കാടുകളുടെ പരിസ്ഥിതി ഘടന, ജൈവവൈവിധ്യമുള്ള ജീവ ജാലങ്ങളുടെ സംരക്ഷണം എന്നിവയെ കുറിച്ച് വിദ്യാർത്ഥികൾക്ക് നേരിട്ടറിയാൻ സാധിച്ചു.അധ്യാപകരായ ദേവി, സീമ,അമീർ അലി, ദിൽഷാദ്, നിഹാൽ, മൊയ്തീൻ എന്നിവർ പഠനയാത്രയ്ക്ക് നേതൃത്വം നൽകി.

## മലപ്പുറം കലോത്സവത്തിൽ ഇരിമ്പിളിയം എം.ഇ.എസ് ഹൈസ്കൂളിന് ഓവറോൾ മൂന്നാം സ്ഥാനം ; രണ്ട് ഇനങ്ങൾ സംസ്ഥാനത്തേക്ക്

223 ഹൈസ്കൂളുകൾ പങ്കെടുത്ത മലപ്പുറം ജില്ലാ സ്കൂൾ കലോത്സവത്തിൽ ഇരിമ്പിളിയം എം.ഇ.എസ് ഹൈസ്കൂൾ മികച്ച പ്രകടനം കാഴ്ചവെച്ച് ഓവറോൾ മൂന്നാം സ്ഥാനം നേടി. മത്സരിച്ച ബഹുഭൂരിഭാഗം ഇനങ്ങളിലും വിദ്യാർത്ഥികൾ എ-ഗ്രേഡ് നേടി സ്കൂളിന്റെ കലാപരമ്പര തെളിയിച്ചു. സ്കൂളിന്റെ നേട്ടമായി പൂരക്കളിയും സംസ്കൃത പാഠകം ഇനങ്ങളും സംസ്ഥാന തല മത്സരങ്ങൾക്ക് യോഗ്യത നേടി. കടുത്ത മത്സരങ്ങൾക്കിടയിൽ വിദ്യാർത്ഥികൾ കാട്ടിയ ആത്മവിശ്വാസം, പരിശീലക സംഘത്തിന്റെ പ്രതിബദ്ധത, അധ്യാപകരുടെ പിന്തുണ എന്നിവയാണ് ഈ വിജയത്തിന് അടിത്തറയായത്.കലോത്സവ ത്തിൽ മികച്ച പിന്തുണ നൽകിയ മാനേജ്മെന്റ്, പിടിഎ, രക്ഷിതാക്കൾ, ജീവനക്കാർ, പരിശീലകർ എന്നിവർക്ക് സ്ഥാപനം നന്ദി പ്രകാശിപ്പിച്ചു.

# സബ്ജില്ലാ കലോത്സവത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളെ ആദരിച്ചു



കുറ്റിപ്പുറം സബ്ജില്ലാ കലോത്സവത്തിൽ പങ്കെടുത്ത ഇരിമ്പിളിയം എം.ഇ.എസ് ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികളെ സ്കൂളിൽ സംഘടിപ്പിച്ച ചടങ്ങിൽ ആദരിച്ചു. പി.ടി.എ പ്രസിഡൻറ് സമീഹ അലി വിദ്യാർത്ഥികൾക്ക് ട്രോഫികളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

അധ്യാപകരായ ഷിബുലാൽ, അൻഷാദ്, സിന്ധു, ഷംസീന, ഉമ്മുകുൽസു, മുബാരിസ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. കുട്ടികളുടെ കലാപ്രതിഭയെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ വിജയത്തെ അംഗീകരിക്കുന്നതിനുമുള്ള ചെറിയ ആദരവായിരുന്നിതെന്ന് അധ്യാപകർ അറിയിച്ചു.
വിദ്യാർത്ഥികളുടെ ഈ അംഗീകാരം ജില്ലാകലോത്സവത്തിൽ പങ്കെടുക്കുന്നതിനുള്ള കൂടുതൽ ആവേശവും ആത്മവിശ്വാസവും സൃഷ്ടിച്ചു

# എ പ്ലസ് വിദ്യാർത്ഥികൾക്കായി മോട്ടിവേഷൻ ക്ലാസ്

ഇരിമ്പിളിയം എം.ഇ.എസ്. ഹൈസ്കൂളിലെ 8, 9 ക്ലാസുകളിലെ എ പ്ലസ് വിദ്യാർത്ഥികൾക്കായി നവംബർ 15 ശനിയാഴ്ച പ്രത്യേക മോട്ടിവേഷൻ ക്ലാസ് സംഘടിപ്പിച്ചു.



മാനേജ്മെൻറ് ട്രഷറർ ശ്രീ ഹബീബ് സർ പരിപാടി ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡണ്ട് ശ്രീമതി സമീഹ അലി അദ്ധ്യക്ഷത വഹിച്ചു. സ്കൂളിലെ അധ്യാപകനായ ഷാഹിൽ പരിപാടിയുടെ ആമുഖപ്രഭാഷണം നിർവഹിച്ചു.

ലൈഫ് സ്കിൽ കോച്ച് റിയാസ് സാറും മൈൻഡ്സെറ്റ് കോച്ച് ജലീൽ ആമയൂർ സാറും ചേർന്ന് വിദ്യാർത്ഥികൾക്ക് പ്രചോദനാത്മക ക്ലാസുകൾ കൈമാറി. പഠനരീതികൾ, ലക്ഷ്യനിർണ്ണയം, മനഃസാന്നിധ്യം, ആത്മവിശ്വാസ വളർച്ച തുടങ്ങിയ വിഷയങ്ങളിലാണ് അവർ ശ്രദ്ധകേന്ദ്രികരിച്ചത്.

സ്റ്റാഫ് സെക്രട്ടറി അജിത്ത് ഇ ആശംസയും ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ് ഷമീമ നന്ദി പറഞ്ഞു. 8, 9 ക്ലാസുകളിലെ എ പ്ലസ് ചുമതലയുള്ള അധ്യാപകരായ സുമ , റഹിയാനത്ത് , ഷഫ്ന , ശ്രീജ , നർഷി , ഷിബിലി എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

# പ്രതിഭ സംഗമം മെസ്റ്റ-2025 സംഘടിപ്പിച്ചു

കല, കായിക, സാഹിത്യ, ശാസ്ത്രരംഗങ്ങളിലെ മികവുവരെല്ലാം വിദ്യാർത്ഥികളുടെ സമഗ്രവികസനത്തിനുള്ള വഴികാട്ടിയായിരിക്കണമെന്ന് മലപ്പുറം ജില്ലാ പോലീസ് മേധാവി ശ്രീ. ആർ. വിശ്വനാഥ് ഐപിഎസ് അഭിപ്രായപ്പെട്ടു. ഇരിമ്പിളിയം എം.ഇ.എസ് ഹയർസെക്കൻഡറി സ്കൂൾ സംഘടിപ്പിച്ച പ്രതിഭാസംഗമം 'മെസ്റ്റ – 2025' ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യാർത്ഥികൾ വിവിധ മത്സരങ്ങളിൽ നേടിയ നേട്ടങ്ങൾ പഠനമികവിലേക്കുള്ള പരിശീലനവുമാകണമെന്നും, ഈ വിജയങ്ങൾ ജീവിതത്തിലെ വലിയ നേട്ടങ്ങളിലേക്കുള്ള ചവിട്ടുപടിയാകണമെന്നും അദ്ദേഹം പ്രത്യേകം സൂചിപ്പിച്ചു.എം.ഇ.എസ് എയ്ഡഡ് സ്കൂൾസ് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വി. യു. ഹംസക്കോയ മുഖ്യപ്രഭാഷണം നടത്തി. എസ്.എം.സി സെക്രട്ടറി ടി. മുസ്തഫ കമാൽ സ്വാഗതം പറഞ്ഞു. സ്കൂൾ ചെയർമാൻ അബ്ദുൽ ഖാദർ മാസ്റ്റർ അധ്യക്ഷം വഹിച്ചു. പ്രിൻസിപ്പൽ കെ.കെ. നജ്മുദ്ദീൻ പരിപാടിയുടെ വിശദാംശങ്ങൾ അവതരിപ്പിച്ചു.എം.ഇ.എസ് സ്റ്റേറ്റ് മെമ്പർ അബ്ദുൽ ലത്തീഫ്, എം.പി.ടി.എ പ്രസിഡന്റ് ഹഫ്സത്ത് ബീവി, പി.ടി.എ വൈസ് പ്രസിഡന്റ് ഷംസുദീൻ, എസ്.എം.സി ഭാരവാഹികളായ അബ്ദുൽ അസീസ്, പ്രൊഫ. സൈനബ, പ്രൊഫ. സാജിദ്, പി.വി. നൗഷാദ്, പി. ഹബീബ് റഹ്മാൻ, അംഗങ്ങളായ ഡോ. സാജിത, നൗഷാദ്, ബീരാൻ, സുധീർലാൽ, ഡോ. ഫസലു റഹ്മാൻ, സജീദ് മോൻ, പി.ടി.എ പ്രതിനിധികളായ ജലീൽ, ഹുസ്ന എന്നിവർ ആശംസകൾ അറിയിച്ചു. ഹെഡ്മാസ്റ്റർ കെ. അഷ്റഫ് അലി നന്ദിപ്രകാശനം നൽകി. കല, കായിക, ശാസ്ത്രരംഗങ്ങളിൽ സ്കൂളിന്റെ അഭിമാനമായി നിലകൊണ്ട വിദ്യാർത്ഥികളെ ചടങ്ങിൽ പ്രത്യേകമായി ആദരിച്ചു. കേരള സ്റ്റേറ്റ് സീനിയർ സ്കൂൾ ഫുട്ബോൾ കോച്ച് ദിലീപ് മാസ്റ്റർ, ദേശീയ ജൂനിയർ ഫുട്ബോൾ താരം മുഹമ്മദ് ഷജീർ, സംസ്ഥാന ഫുട്ബോൾ താരങ്ങളായ ആദിൽ, കിരൺ രാജ്, ക്രിക്കറ്റ് താരം ഷാരോൺ, ഹാമർ ത്രോ മത്സരത്തിൽ പങ്കെടുത്ത ഇയാഷ് മുഹമ്മദ്, സംസ്ഥാന ശാസ്ത്രോത്സവം പോസ്റ്റർ നിർമ്മാണത്തിൽ എ ഗ്രേഡും രണ്ടാം സ്ഥാനവും നേടിയ നഫീസ മിൻഹ, ഇലക്ട്രോണിക്സിൽ എ ഗ്രേഡ് നേടിയ മുഹമ്മദ് ജെബിർ, പൂരക്കളി ടീം, ദി എറ്റേർണൽ നൈറ്റ്സ് എന്ന പുസ്തകത്തിന്റെ രചയിതാവായ അമേലിയ മെഹറിൻ, പാഠകം മത്സരത്തിൽ എ ഗ്രേഡ് നേടിയ അപർണ, വോളിബോൾ വിജയികളായ മുഹമ്മദ് അഫ്വാൻ, ഫാത്തിമ മിൻഹ, ഫുട്ബോൾ മത്സര വിജയികളായ നഹാൻ കാദർ, ഷദ, അമേയ, അയാൻ മുഹമ്മദ്, നജ്വ, അമയ് ദാസ്, തൈക്കൊണ്ടോ വിജയി ആയിഷ ഹന, സ്റ്റാൻഡിങ് ബോൾ മത്സര വിജയി റിദ ഷെറിൻ എന്നിവർക്ക് സ്നേഹാദരങ്ങൾ അർപ്പിച്ചു. സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും മാനേജ്മെന്റിന്റെയും പി.ടി.എയുടെയും നേതൃത്വത്തിൽ മധുരപലഹാര വിതരണം നടത്തി.




# പഠനയാത്ര സംഘടിപ്പിച്ചു

ഇരിമ്പിളിയം എം.ഇ.എസ് ഹയർസെക്കൻഡറി സ്കൂളിലെ പത്താം ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി ഊട്ടി–മൈസൂർ–ബാംഗ്ലൂർ പഠനയാത്ര സംഘടിപ്പിച്ചു. നവംബർ 14-ന് 200 വിദ്യാർത്ഥികളുടെ സംഘവുമായി മൂന്ന് ദിവസത്തെ ബാംഗ്ലൂർ–മൈസൂർ പഠനയാത്രയും നടത്തി. മൈസൂരിലെ പാലസ്, മൃഗശാല, ബ്രിന്ദാവൻ ഗാർഡൻ എന്നിവയും ബാംഗ്ലൂരിലെ ലാൽബാഗ് പാർക്ക്, മെജസ്റ്റിക് സ്ട്രീറ്റ്എന്നീ പ്രധാന കേന്ദ്രങ്ങൾ സന്ദർശിച്ചു. അതേസമയം നവംബർ 15-ന് 150 കുട്ടികൾ പങ്കെടുത്ത ഏകദിന ഊട്ടി യാത്രയിൽ ബോട്ടാണിക്കൽ ഗാർഡൻ, പൈൻ ഫോറസ്റ്റ് എന്നിവയും സന്ദർശന കേന്ദ്രങ്ങളായി.
അധ്യാപകരായ സതീഷ്ചന്ദ്രൻ, രഹീന, ഫൈസൽ, നജ്മുദ്ധീൻ എന്നിവർ പഠനയാത്രയ്ക്ക് നേതൃത്വം നൽകി.








ഇരിമ്പിളിയം എം ഇ എസ് ഹയർ സെക്കൻഡറി സ്കൂളിൽ വിവിധ മേഖലകളിൽ വിജയിച്ച വിദ്യാർത്ഥികളെ ആദരിക്കുന്നതിനായി സംഘടിപ്പിച്ച പരിപാടി മലപ്പുറം ജില്ലാ പോലീസ് മേധാവി ആർ. വിശ്വനാഥ് ഐപിഎസ് ഉദ്ഘാടനം ചെയ്യുന്നു




